## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3373 | 14/03/2018-ൽ മറുപടിക്ക്

### ജുവനൈൽ ഡയബറ്റീസ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | ജുവനൈൽ ഡയബറ്റീസ് ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ; | എ) | ജുവനൈൽ ഡയബറ്റീസ് ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് 'മിഠായി' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്. ടി പദ്ധതിയിലൂടെ കുട്ടികൾക്ക് ഗ്ലൈക്കോമീറ്ററും ഇൻസുലിൻ പമ്പും നൽകി ആധുനിക രീതിയിലുള്ള പ്രമേഹ ചികിത്സ സൗജന്യമായി നൽകാനാണ് ഉദ്ദേശിക്കുന്നത്. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികളുടെ ഓൺലൈൻ രജിസ്ട്രി തയ്യാറാക്കിയിട്ടുണ്ട്. |
| ബി) | ഈ പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | ബി) യും സി) യും | 'മിഠായി' പദ്ധതിക്കു വേണ്ടി നടപ്പ സാമ്പത്തിക വർഷം 200 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.) |
| സി) | ഈ പദ്ധതിക്കുവേണ്ടി എത്ര തുക നാളിതുവരെ വകയിരുത്തിയിട്ടുണ്ട്; തുക അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| ഡി) | ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | സാമൂഹ്യ നീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് 'മിഠായി'. ടി പദ്ധതി ജുവനൈൽ പ്രമേഹരോഗം (ടൈപ്പ് 1) ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകാനാണ് ലക്ഷ്യമിടുന്നത്. പ്രധാനമായും 5 മുതൽ 15 വയസ്സുവരെയുള്ള കുട്ടികളെയാണ് ടി രോഗം ബാധിക്കുന്നത്. ഈ രോഗത്തിന്റെ എല്ലാ സങ്കീർണ്ണതകളോടും കൂടി രോഗബാധിതർക്ക് ജീവിക്കേണ്ട അവസ്ഥയോടൊപ്പം, മുതിർന്നവരിൽ കാണുന്ന (ടൈപ്പ് 2 ഡയബറ്റീസിന്റെ ചികിത്സയുമായി |

| | | | |
|---|---|---|---|
| | | | താരതമ്യം ചെയ്യുമ്പോൾ ഇത് കൂടുതൽ സങ്കീർണ്ണവും വ്യത്യസ്തവുമാണ്. ടി പദ്ധതിയിലൂടെ കുട്ടികൾക്ക് continuous glucose monitoring ഇൻസുലിൻ പെൻ-ഉം ആവശ്യമുള്ളവർക്ക് ഇൻസുലിൻ പമ്പും നൽകി ആധുനിക രീതിയിലുള്ള പ്രമേഹ ചികിത്സ സൗജന്യമായി നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ടൈപ്പ് 1 ഡയബറ്റിക് സെന്റർ 3 മെഡിക്കൽ കോളേജിൽ ആരംഭിക്കാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

13

A7

8411

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കും കൗമാരപ്രായക്കാർക്കും പരിചരണം നല്കുന്നതിനായുള്ള സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയായ 'മിഠായി'ക്ക് ഭരണാനുമതിയും തുക വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(സാധാ) നം.522/2017/സാനീവ  തീയതി, തിരുവനന്തപുരം, 02/08/2017.

പരാമർശം : (1) കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സി. ഡയറക്ടറുടെ 25.5.2017 ലെ പി3/5101/2016 നമ്പർ കത്ത്

(2) 2.6.2017 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനം.

ഉത്തരവ്

ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കും കൗമാരപ്രായക്കാർക്കും പരിചരണം നല്കുന്നതിനായുള്ള സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയായ 'മിഠായി'ക്ക് നടപ്പ് സാമ്പത്തിക വർഷം 2235-60-200-72(21)(പി) ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്കും 200 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള അനുമതിക്കായും പരാമർശം (1) പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്റ്റിമേറ്റ് സഹിതം ശുപാർശ സമർപ്പിച്ചിരുന്നു. പദ്ധതിയുടെ എസ്റ്റിമേറ്റ് ചുവടെ പറയും പ്രകാരമാണ്.

| | Components/activities | Unit Cost | No. of Units | Cost |
|---|---|---|---|---|
| | Setting up of Type I Diabetes Centre at Calicut Medical College, Govt. TD Medical College Alappuzha and Thiruvananthapuram Medical College | 6,99,600 | 3 | 20,98,800 |
| | Medical management of TIDM for child/adolescents | 98,300 & Addl 3,50,000 for insulin pump | 150 & 5 insulin pumps | 164,95,000 |
| | Project support unit at state level | 8,28,000 | 1 | 8,28,000 |
| | Diabetic camps | 5,00,000 | 1 (2 more camps if additional funds are made available) | 5,00,000 |
| | Unforeseen expenditure as part of the project | | | 78,200 |
| | Total estimate for phase 1 to be availed from budget 2017-18 | | | 2,00,000,00 (2 crores) |

2) പ്രസ്തുത ശുപാർശ 2/6/2017-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട് (ഐറ്റം നം. 45).

3) മേൽ സാഹചര്യത്തിൽ, ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കും കൗമാരപ്രായക്കാർക്കും പരിചരണം നല്കുന്നതിനായുള്ള സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയായ 'മിഠായി'ക്ക് മേൽ പറഞ്ഞ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയുടെ ഭരണാനുമതിയും പ്രസ്തുത പദ്ധതിയ്ക്കായി നടപ്പ സാമ്പത്തിക വർഷം 2235-60-200-72(21)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2,00,00,000 രൂപ (രണ്ട് കോടി രൂപ മാത്രം) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി.അക്കൗണ്ട് നം 701011400000134-ലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സാമൂഹ്യ നീതി ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീലാമണി.കെ.എം.**
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ & ഇ)) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ്.
സാമൂഹ്യനീതി (എ/ഒ.എസ്.) വകുപ്പ്.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ